പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2033 — 26.03.2013-ൽ മറുപടിയ്ക്ക്

വിതരണ - പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എഫ്. തോമസ് :<br>ശ്രീ. റ്റി. യു. കുരുവിള : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഊർജ്ജ പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്ത് വിതരണ - പ്രസരണ നഷ്ടം പരമാവധി കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണു സ്വീകരിച്ചു വരുന്നതെന്നു വ്യക്തമാക്കുമോ ; | (എ) | പ്രസരണ നഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി ഉയർത്തുവാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം 8 പുതിയ സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു (110 കെ.വി. - 1 എണ്ണം, 66 കെ.വി. - 1 എണ്ണം, 33 കെ.വി. 6 എണ്ണം). 2013-14 ൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 26 സബ്സ്റ്റേഷനുകളും (220 കെ.വി. - 2 എണ്ണം, 110 കെ.വി. - 11 എണ്ണം, 66 കെ.വി. - 3 എണ്ണം, 33 കെ.വി. - 10 എണ്ണം) അനുബന്ധ ലൈനുകളും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും അറ്റകുറ്റ പണികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി സംസ്ഥാനത്തെ 43 ടൗണുകളിലായി ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടത്തി വരുന്നു. കൂടാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 11 കെ.വി. ലൈൻ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികളും വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ചെയ്തു വരുന്നു. |

(ബി) വൈദ്യുതി ബോർഡിൻെറ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ മസ്ദൂർ മാരെയും, ലൈൻമാൻമാരെയും നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

(ബി) വൈദ്യുതി ബോർഡിന്റെ സേവനം കൂടുതൽ കാര്യക്ഷമമാക്കുവാൻ അനുവദനീയ തസ്തിക അനുസരിച്ച് ഇലക്ട്രിസിറ്റി വർക്കർമാരെയും ലൈൻമാൻമാരെയും നിയമിക്കുന്നതാണ്. ലൈൻമാൻ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. ഇലക്ട്രിസിറ്റി വർക്കർ തസ്തികയിലെ ഒഴിവുകൾ അതാത് ജില്ലയിലെ നിയമന അധികാരികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ.**